# വചന വിചിന്തനം : മാർച്ച് 29 ഞായർ, 2009

യോഹ. 10 : 11 – 18

## നല്ല ഇടയൻ

ആടുകളെ ജീവനുതുല്യം സ്നേഹിച്ചിരുന്ന ഒരിടയൻ തന്റെ പറ്റത്തിൽ നിന്നും ഒരാടിന് പോലും ആപത്തുപറ്റാതെ അയാൾ നോക്കുമായിരുന്നു. ഓരോന്നിനേയും പേരുചൊല്ലി വിളിക്കാനും ലാളിച്ചു തോളിലേറ്റാനും അയാൾ സമയം കണ്ടെത്തിയിരുന്നു. സ്നേഹിച്ച് സ്നേഹിച്ച് അയാൾ വിശുദ്ധനായ ഒരിടയനായി മാറിയിരുന്നു.

ഒരു വേനൽക്കാലത്ത് പുൽമേടുകൾ ഉണങ്ങിത്തുടങ്ങിയപ്പോൾ, നീർച്ചോലകൾ വറ്റിവരണ്ടു തുടങ്ങിയപ്പോൾ, തന്റെ ആടുകളുമായി ഇടയൻ ഉൾവനങ്ങളിലേയ്ക്ക് പോകേണ്ടി വന്നു. ഉൾവനങ്ങളിൽ ചെന്നായ്ക്കളുണ്ടാകാം. ഇടയൻ ജാഗരൂകനായി. പക്ഷേ പോകാതെ വയ്യ. ആട്ടിൻപറ്റം പട്ടിണിയാകും. അങ്ങനെ ഒരു താഴ്‌വാരത്ത് ഇടയൻ ആടുകളെ മേയിച്ചുനില്ക്കുമ്പോൾ ഇങ്ങനെ ഒരു കാഴ്ച കണ്ടു. താഴ്‌വരയുടെ ഒരു വശത്ത് ദൂരെ മലമുകളിൽനിന്നും ഒരു ചെന്നായ്ക്കൂട്ടം കൊതിയൂറുന്ന കണ്ണുകളോടെ ആടുകളെ നോക്കിനില്ക്കുന്നു. ഇടയൻ വേഗം ആടുകളെ തടുത്തുകൂട്ടി എതിർവശത്തേക്കുളള മലമുകളിലേയ്ക്ക് ഓടിച്ചു തുടങ്ങി. പക്ഷേ ഇടയൻ കണ്ടു ചെന്നായ്ക്കൂട്ടം താഴെയ്ക്കിറങ്ങാൻ തുടങ്ങുന്നു. ചെന്നായ്ക്കളെത്തുംമുമ്പ് തന്റെ ആടുകൾ മലകടന്നുമറയണം. ഇടയൻ ആലോചിച്ചു.േ എന്തുചെയ്യണം ?

തന്റെ ആടുകൾ മലകടക്കുംവരെ അവരെ തടയുക തന്നെവേണം. ഇടയൻ തന്റെ സഞ്ചി തുറന്നു. അതിൽ മുഷിയാത്ത ഒരു ആട്ടിൻ തോൽ സൂക്ഷിച്ചിരുന്നു. ആട്ടിൻ തോൽ എടുത്ത് തന്റെ ദേഹത്തണിഞ്ഞ് ഒരാടിനെ പോലെ ഇടയൻ മാറി. എന്നിട്ട് ചെന്നായ്ക്കൂട്ടത്തിനുനേരെ ഓടി വിശന്നുവലഞ്ഞു മലയിറങ്ങി വന്ന ചെന്നായ്ക്കൾ ആടിന്റെ രൂപം ധരിച്ച ഇടയന്റെ മാംസം കടിച്ചു തിന്നു. രക്തം നക്കി കുടിച്ചു. എല്ലുകൾപോലും ബാക്കി വച്ചില്ല.

ഇടയനെ ഭക്ഷിച്ച ചെന്നായ്ക്കൾ ആട്ടിൻപറ്റത്തിനുനേരെ വീണ്ടും ഓടി തുടങ്ങി. പക്ഷെ, ആ ഓട്ടത്തിനിടയിൽ ചെന്നായ്ക്കളുടെ നഖം പൊഴിഞ്ഞുതുടങ്ങി. അവയുടെ ഉളിപോലുള്ള പല്ലുകൾ വായിൽനിന്ന് ഊർന്നു വീണു. മലകയറ്റം തീർന്നപ്പോഴേയ്ക്കും ചെന്നായ്ക്കളെല്ലാം ആടുകളെപ്പോലെ രൂപാന്തരപ്പട്ടു.

ഇന്നത്തെ സുവിശേഷത്തിൽ ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്ന ഈശോയെക്കു റിച്ച് വായിക്കുമ്പോൾ ഈ കഥയാണ് ഓർമ്മവരുന്നത്. ഇടയനെ ഭക്ഷിച്ച് ഇടയന്റെ നന്മകൾ ഏറ്റുവാങ്ങുകയും ഇടയസ്നേഹത്തിനു നിരക്കാത്തതെല്ലാം ഉപേക്ഷിക്കുകയും ചെയ്യുന്ന കഥ. സുവിശേഷത്തിലെ ഇടയന് 3 പ്രത്യേകതകളാണ് ഈശോ വ്യക്തമാക്കുന്നത്.

ഇടയന്റെ 3 സവിശേഷതകൾ.

1. അറിയുന്ന സ്നേഹം

ഞാൻ എനിക്കുള്ളവയേയും എനിക്കുള്ളവ എന്നേയും അറിയുന്നു.(10,15) ഈ അറി വിന് 2 തലമുണ്ട്

(a) അങ്ങോട്ടുമിങ്ങോട്ടും (അറിവിന്റെ  പാരസ്പര്യം)

(b) പിതാവറിയുമ്പോലെ. ( അവനോ, അവളോ, അപ്പനോ.അമ്മയോ, അദ്ധ്യാപകനോ അറിയുമ്പോലെയല്ല; പിതാവറിയുമ്പോലെ- നിന്റെ കാണാതെ പോകുന്ന കണ്ണീർ അവൻ കാണുന്നു . കേൾക്കാതെ പോകുന്ന നിലവിളികൾ അവൻ കേൾക്കുന്നു)

2 ജീവനർപ്പിക്കുന്ന സ്നേഹം

മനുഷ്യർ ദാനം ചെയ്യുന്നത് അവർക്ക് വേണ്ടാത്തവയാണ് നമുക്കുപയോഗമില്ലാത്ത പഴയ ഉടുപ്പും പുതപ്പു അനാഥാലയത്തിലും – ഭൂകമ്പബാധിതർക്കും കൊടുത്തിട്ട് ദാനം ചെയ്തു എന്ന സന്തോഷത്തിൽ നാം കഴിയുന്നു.

ദൈവമാകട്ടെ ഏറ്റവും വിലപ്പെട്ടവമാത്രം നല്കുന്നു.

സ്വപുത്രനെ അവന്റെ ജീവനെതന്നെ ത്യാഗം ചെയ്യുന്നു.

3 എല്ലാആടുകളോടുമുള്ള സ്നേഹം

കൊഴുത്തതിനോടും മുഴുത്തതിനോടുമെന്നതുപോലെ മുടന്തുള്ളതിനോടും മുറിവേറ്റതിനോടും ക്രിസ്തുവിന് നിറഞ്ഞ സ്നേഹമാണ്. ഈ ആലയിൽപ്പെടാത്തവയേയും അവൻ സ്നേഹിക്കുന്നു. ഒരാട്ടിൻപറ്റവും ഒരിടയനുമാകുന്ന വിശാലമായ സ്വപ്നം അവൻ കാണുന്നു.

Application

ഇടയനാകാനുള്ള വിളി നമുക്കെല്ലാവർക്കുമുണ്ട്. വീട്ടിൽ അപ്പന്, അമ്മയ്ക്ക്- ജോലി സ്ഥലത്ത് അവനവന്റെ ജോലിയുടെ കൃത്യനിർവഹണങ്ങളിൽ എല്ലാം- എല്ലായിടത്തും ഈ ഇടയസ്നേഹത്തെ പ്രായോഗികമാക്കുക.

പിൻവിളി: ബഹു. അച്ചന്മാരോട്.

കർദ്ദിനാളിന്റെ – Straight from the Heart- ഇലക്ഷൻ സമയത്ത് പ്രസിദ്ധപ്പെടുത്തിയത് ആടുകൾക്കുവേണ്ടിയോ, ചെന്നായ്ക്കൾക്കുവേണ്ടിയോ ?.

**ഫാ. മാത്യു അരീപ്ലാക്കൽ**